**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5070** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഓഫീസുകളുടെ പരിസരത്ത് കൃഷി ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ള കൃഷി ഓഫീസുകളിലും കൃഷി വകുപ്പിന്റെ മറ്റ ഓഫീസുകളിലും ഏതെങ്കിലും തരത്തിലുള്ള കൃഷി നിർബന്ധമായും ചെയ്തിരിക്കണം എന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷി ഭവനുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ഓഫീസുകളാണ്. പല കൃഷി ഭവനുകളിലും സ്ഥലപരിമിതിയും ജലദൗർലഭ്യതയും മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ഥല സൗകര്യവും ജല ലഭ്യതയുമുള്ള കൃഷി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഏതെങ്കിലും തരത്തിലുള്ള കൃഷി ചെയ്യുവാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. ആയതു പ്രകാരം സ്ഥല സൗകര്യമുള്ള കൃഷി ഓഫീസുകളിലും കൃഷി വകുപ്പിന്റെ മറ്റ ഓഫീസുകളിലും പച്ചക്കറി കൃഷിയും മറ്റും നടത്തി വരുന്നു. ഇതിന് പുറമേ സ്ഥല സൗകര്യമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും പച്ചക്കറി കൃഷി വികസന പദ്ധതിയിൽ നിലവിലുണ്ട്. ഇത്തരത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകൾ വഴിയും കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്ദേശം നൽകി വരുന്നു. |
| (ബി) | കൃഷിയ്ക്ക് യോഗ്യമായ കൃഷി ഓഫീസുകളുടെ പരിസരം യാതൊരു കൃഷിയും നടത്താതെ ഒഴിച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളെയും കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്ദേശം നൽകുന്ന തരത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് കൃഷി ഭവനുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ഓഫീസുകളാണ്. പല കൃഷി ഭവനുകളിലും സ്ഥലപരിമിതിയും ജലദൗർലഭ്യതയും മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ഥല സൗകര്യവും ജല ലഭ്യതയുമുള്ള കൃഷി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഏതെങ്കിലും തരത്തിലുള്ള കൃഷി ചെയ്യുവാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. ആയതു പ്രകാരം സ്ഥല സൗകര്യമുള്ള കൃഷി ഓഫീസുകളിലും |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പിന്റെ മറ്റു ഓഫീസുകളിലും പച്ചക്കറി കൃഷിയും മറ്റും നടത്തി വരുന്നു. ഇതിന് പുറമേ സ്ഥല സൗകര്യമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും പച്ചക്കറി കൃഷി വികസന പദ്ധതിയിൽ നിലവിലുണ്ട്. ഇത്തരത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകൾ വഴിയും കർഷകർക്കും പൊതുജനങ്ങൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്ദേശം നൽകി വരുന്നു. |
| (സി) | സംസ്ഥാനത്തെ പല കൃഷി ഓഫീസുകളുടെയും പരിസരം തറയോട് പാകി ചെടികളും പച്ചക്കറികളും വച്ചുപിടിപ്പിക്കാൻ കഴിയാത്ത തരത്തിൽ ഡിസൈൻ ചെയ്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തുമോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കൃഷി ഭവനുകൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആയതിനാൽ അവയുടെ പരിസരത്തു മാറ്റങ്ങൾ വരുത്തുന്നത് ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും ഭാവിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ